# കേരള സർവകലാശാല

നം.പി.ആർ.265/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താം

നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടേയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾ (2015 അഡ്മിഷൻ), പഞ്ചവത്സര നിയമ വിദ്യാർത്ഥികൾ (2013 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും ഇന്റേണൽ മാർക്ക് 10 ൽ കുറവുള്ളവരും അപേക്ഷിക്കാവുന്നതാണ്. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടയ്ക്കേണ്ടതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എഫ്) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോറം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2020 ജനുവരി 10 നോ അതിനുമുമ്പോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പും വിശദവിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

### പരീക്ഷ മാറ്റി

സർവകലാശാല പഠന വിഭാഗങ്ങളിൽ (സി.എസ്.എസ്) 2019 ഡിസംബർ 16 ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ പരീക്ഷകളിൽ എം.ബി.എ, ജർമൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ എന്നിവ ഒഴികെയുള്ള എല്ലാ പി.ജി പരീക്ഷകളും 2020 ജനുവരി 3 ലേക്ക് മാറ്റിയിരിക്കുന്നു.

### പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ എം.ടെക് കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡിജിറ്റൽ ഇമേജ് കമ്പ്യൂട്ടിങ് (2017 – 2019), 2019 നവംബറിൽ നടത്തിയ എംഫിൽ ഹിസ്റ്ററി (2018 – 2019 ബാച്ച്) (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### സൂക്ഷ്മപരിശോധന

ആറാം സെമസ്റ്റർ ബി.ടെക് റെഗുലർ (യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം) ജൂലൈ 2019 (2013 സ്കീം), മൂന്നാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി ഫെബ്രുവരി 2019 (2013 സ്കീം) എന്നീ ബി.ടെക് പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII)ഡിസംബർ 16 മുതൽ 19 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ത്രിദിന ദേശീയ സെമിനാർ

സർവകലാശാല സംഗീത വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 17, 18, 19 തീയതികളിൽ ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. 'സംഗീതത്തിന്റെ വിവിധ കാഴ്ചപ്പാടുകൾ' എന്ന വിഷയത്തിൽ ദക്ഷിണേന്ത്യയിലെ വിവിധ സംഗീത ശാഖകളുടെ തനതായ സവിശേഷത കളെ പ്രതിപാദിക്കുന്നതിലൂടെ വിദ്യാർത്ഥികളെ സംഗീതത്തിന്റെ സൈദ്ധാന്തിക – പ്രായോഗിക തലങ്ങളെ പരചയപ്പെടുത്തുക എന്നതാണ് സെമിനാർ ലക്ഷ്യം വയ്ക്കുന്നത്. സെമിനാറിന്റെ ഉത്ഘാടനം ഡിസംബർ 17 ന് രാവിലെ 10 മണിക്ക് സേതുപാർവതി ഭായ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രോ – വൈസ് ചാൻസലർ പ്രൊഫ.(ഡോ.)പി.പി അജയകുമാർ നിർവ്വഹിക്കും. 19 ന് നട ക്കുന്ന സമാപന ചടങ്ങിൽ സർവകലാശാല രജിസ്ട്രാർ പ്രൊഫ.(ഡോ.)സി.ആർ പ്രസാദ്, സിൻഡിക്കേറ്റ് അംഗം അഡ്വ.കെ.എച്ച്.ബാബുജാൻ എന്നിവർ പങ്കെടുക്കും.

തിരുവനന്തപുരം,
13.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098